**മെയ് മാസ ആചരണത്തോടനുബന്ധിച്ച് കുടുംബങ്ങളിൽ ജപമാല പ്രാർത്ഥനയ്ക്കുശേഷം ചൊല്ലുന്നതിനായി ഫ്രാൻസിസ് മാർപാപ്പ നൽകിയ രണ്ടു പ്രാർത്ഥനകളുടെ സ്വതന്ത്ര വിവർത്തനം**

**ഒന്നാമത്തെ പ്രാർത്ഥന**

ഓ മറിയമേ, ഞങ്ങളുടെ ജീവിതയാത്രയിൽ രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായി നീ എപ്പോഴും പ്രകാശം പകരുന്നു. രോഗികളുടെ ആരോഗ്യമായ അമ്മേ, ഞങ്ങളെ നിനക്ക് ഭരമേൽപ്പിക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ക്രൂശിതനായ ക്രിസ്തുവിന്റെ വേദനകളിൽ, അമ്മേ നീയും പങ്കുപറ്റിയല്ലോ. കഷ്ടതകളിൽക്കൂടി കടന്നു പോകുന്ന ഈ ജനതയുടെ രക്ഷയ്ക്ക് ആവശ്യമായത് എന്താണെന്ന് നിനക്കറിയാം. അമ്മേ, നീ ഞങ്ങളെ സഹായിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഗലീലിയിലെ കാനായിൽ എന്നപോലെ ഈ പരീക്ഷണകാലഘട്ടം കഴിഞ്ഞ് സന്തോഷവും ആഘോഷവും മടങ്ങിവരാൻ ഇടയാക്കണമേ. പിതാവിന്റെ ഹിതത്തിന് അനുസൃതമായി ജീവിക്കുവാനും യേശു ഞങ്ങളോടു പറയുന്നതു ചെയ്യുവാനും ദിവ്യസ്നേഹത്തിന്റെ മാതാവേ, ഞങ്ങളെ നീ സഹായിക്കണമേ. പുനരുത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് ഞങ്ങളെ നയിക്കാൻ കുരിശിലൂടെ ഞങ്ങളുടെ വേദനകൾ ക്രിസ്തു സ്വയം ഏറ്റെടുത്തുവല്ലോ. ദൈവത്തിന്റെ പരിശുദ്ധ അമ്മയായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു. നിരവധി പരീക്ഷണങ്ങളെ നേരിടുന്ന ഞങ്ങളുടെ യാചനകൾ നീ ഉപേക്ഷിക്കരുതേ, മഹത്വപൂർണ്ണയും അനുഗൃഹീതയുമായ പരി. കന്യാമറിയമേ, എല്ലാ അപകടങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ. ആമേൻ.

**രണ്ടാമത്തെ പ്രാർത്ഥന**

കന്യാമറിയമേ, ദൈവമാതാവായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു. കൊറോണ വ്യാധിയുടെ പിടിയിലായിരിക്കുന്ന ഞങ്ങളുടെ മേൽ നിന്റെ കരുണയുള്ള കണ്ണുകൾ തിരിക്കണമേ. പ്രിയപ്പെട്ടവരുടെ മരണവും, മനസ്സിനെ ഭാരപ്പെടുത്തുന്ന തരത്തിൽ ചില സാഹചര്യങ്ങളിൽ ഉണ്ടായ മൃതസംസ്കാരവും ഓർത്ത് വേദനയിലും ദു:ഖത്തിലും കഴിയുന്നവരെ ആശ്വസിപ്പിക്കണമേ. രോഗം മൂലം ദുരിതമനുഭവിക്കുന്നവരെയും, അമ്മേ നീ കാത്തുകൊള്ളണമേ. പകർച്ചവ്യാധി തടയാനുള്ള പരിശ്രമത്തിൽ പ്രിയപ്പെട്ടവരിൽ നിന്ന് അകറ്റപ്പെട്ടവരെയും ഭാവിയെക്കുറിച്ച് ആകുലതപ്പെടുന്നവരെയും സമ്പദ്‌വ്യവസ്ഥയിലെ അനിശ്ചിതത്വം മൂലം ജോലിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഓർത്ത് വിഷമിക്കുന്നവരെയും അമ്മേ, നീ ആത്മവിശ്വാസം കൊണ്ട് നിറയ്ക്കണമേ.

കഠിനമായ ഈ പരീക്ഷണങ്ങൾ അവസാനിച്ച് പ്രതീക്ഷയുടെയും സമാധാനത്തിന്റെയും ഒരു പുതിയ ചക്രവാളം ആരംഭിക്കാൻ ദൈവത്തിന്റെയും ഞങ്ങളുടെയും അമ്മയായപരി. കന്യാമറിയമേ, കരുണയുള്ള പിതാവിന്റെ മുമ്പിൽ നീ ഞങ്ങൾക്കായി യാചിക്കണമേ. നിന്റെ ദിവ്യപുത്രനോടൊപ്പം, കാനായിലെന്നപോലെ ഇടപെടണമേ. രോഗികളുടെയും മരണത്തിന് ഇരയായവരുടെയും കുടുംബങ്ങളെ ആശ്വസിപ്പിക്കാനും അവരുടെ ഹൃദയം വിശ്വാസത്തിലേക്ക് തുറക്കാനും നിന്റെ പ്രിയ പുത്രനോട് ആവശ്യപ്പെടണമേ.

പകർച്ചവ്യാധിമൂലം കഷ്ടത അനുഭവിക്കുന്ന ഈ കാലയളവിൽ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരെ അമ്മേ, നീ സംരക്ഷിക്കണമേ. അപരന്റെ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ അപകടത്തിലാക്കി മുൻപന്തിയിൽ നിന്ന് സേവനം ചെയ്യുന്ന അവരുടെ വീരോചിതമായ പരിശ്രമങ്ങളിൽ അവർക്ക് ശക്തിയും നന്മയും ആരോഗ്യവും നൽകണമേ. രാവും പകലും രോഗികളെ സഹായിക്കുന്നവരോടൊപ്പവും, സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയോടെ എല്ലാവരെയും സഹായിക്കാനും പിന്തുണയ്ക്കാനും പരിശ്രമിക്കുന്ന പുരോഹിതരോടൊപ്പവും അമ്മേ, നീ ആയിരിക്കണമേ.

പരി. കന്യകാമാതാവേ, ശാസ്ത്രമേഖലയിൽ പ്രവർത്തിക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും മനസ്സിനെ നീ പ്രകാശിപ്പിക്കുന്നതുവഴി ഈ വൈറസിനെ കീഴ്പ്പെടുത്താനുള്ള യഥാർത്ഥ പരിഹാരമാർഗം കണ്ടെത്തുന്നതിന് ഇടയാക്കണമേ. ദാരിദ്ര്യം മൂലം ജീവിക്കാൻ കഷ്ടപ്പെടുന്നവരെ, ജ്ഞാനത്താലും ഉദാരമനസ്കതയാലും നിറഞ്ഞ് തീക്ഷ ണതയോടെ സഹായിക്കാനും, സാമൂഹിക-സാമ്പത്തിക പരിഹാരങ്ങൾ ആസൂത്രണം ചെയ്യുകവഴി ദീർഘവീക്ഷണത്തോടെയും ഐക്യദാർഢ്യത്തോടെയും പ്രവർത്തിക്കാനും അമ്മേ, എല്ലാ രാഷ്ട്രനേതാക്കളെയും നീ സഹായിക്കണമേ. പരി. കന്യകാമറിയമേ, രാഷ്ട്രനേതാക്കൻമാരുടെ മനസ്സാക്ഷിയെ നീ സ്പർശിക്കണമേ. ആയുധശക്തി വർദ്ധിപ്പിക്കാനായി ചെലവിടുന്ന പണം ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ തടയുവാനുള്ള പഠനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി അവർ വിനിയോഗിക്കട്ടെ.

വാത്സല്യനിധിയായ മാതാവേ, ഞങ്ങൾ ലോകം എന്ന വലിയ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്ന ചിന്തയിലും, പ്രത്യേകിച്ച് എല്ലാവരെയും ഒന്നിപ്പിക്കുന്ന ബന്ധത്തെക്കുറിച്ചുള്ള സ്വയാവബോധത്തിലും, വളർന്നു വരുവാൻ ഞങ്ങളെ സഹായിക്കണമേ. കാരണം, സാഹോദര്യ മനോഭാവത്തോടെയും ഐക്യദാർഢ്യത്തോടെയും നിരവധി ദരിദ്രരെയും, ദുരിതത്തിൽ പെട്ടിരിക്കുന്നവരെയും സഹായിക്കാൻ ഞങ്ങൾക്ക് ഇതുവഴി സാധിക്കും. വിശ്വാസത്തിലുള്ള ഉറച്ച പ്രോത്സാഹനവും, അപരനെ സേവിക്കുന്നതിലുള്ള സ്ഥിരോത്സാഹവും, പ്രാർത്ഥനയിലുള്ള സ്ഥിരതയും ഞങ്ങൾക്ക് നൽകണമേ. ഓ മറിയമേ, എളിയവരുടെ സങ്കേതമേ, നിന്റെ കരവലയത്തിൽ നിന്റെ എല്ലാ വേദനിക്കുന്ന മക്കളെയും കാത്തുകൊള്ളണമേ. ഈ ഭയാനകമായ പകർച്ചവ്യാധിയിൽ നിന്ന് ഞങ്ങളെ മോചിപ്പിക്കാൻ സർവശക്തനായ ദൈവം തന്റെ ശക്തമായ കരങ്ങളോടെ കടന്നുവരുവാൻ വേണ്ടി നീ പ്രാർത്ഥിക്കണമേ. അങ്ങനെ ശാന്തമായതും സാധാരണ ഗതിയിലുള്ളതുമായ ഒരു ജീവിതം പുനരാരംഭിക്കാൻ ഇടവരുത്തണമേ. രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായി ഞങ്ങളുടെ പാതയിൽ തിളങ്ങുന്ന നിന്നിൽ ഞങ്ങൾ ആശ്രയിക്കുന്നു. കരുണയും, വാത്സല്യവും, മാധുര്യവും നിറഞ്ഞ കന്യാമറിയമേ. ആമേൻ.